**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2763** **13-02-2024 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ എത്ര ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്; ആയത് ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഒറ്റപ്പാലം മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലായി ഏഴ് (7) പോൾമൗണ്ടഡ് ചാർജ്ജ് പോയിന്റുകൾ കെ എസ് ഇ ബി എൽ സ്ഥാപിച്ചിട്ടുണ്ട്.<br>1 . ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ Deaf & Dump സ്കൂളിനു സമീപം (പോസ്റ്റ് OK 42).<br><br>2.ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ മായന്നൂർ പാലത്തിനു സമീപം (മുനിസിപ്പൽ കോംപ്ലക്സിന് എതിർവശം) (പോസ്റ്റ് OL 20).<br><br>3. ലക്കിടി പഞ്ചായത്തിൽ ലക്കിടി കൂട്ടുപാത (പോസ്റ്റ് LP5).<br><br>4.ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ കെ.എസ്.ഇ.ബി.എൽ. ഓഫീസിനു സമീപം (മണ്ണമ്പറ്റ റോഡ് ജംഗ്ഷൻ-പോസ്റ്റ് SK/TV/1/1).<br><br>5.താച്ചനാട്ടുകര പഞ്ചായത്തിൽ മണപ്പുറം (പോസ്റ്റ് (TR 40).<br><br>6. കടമ്പഴിപ്പുറം പഞ്ചായത്തിൽ കടമ്പഴിപ്പുറം ബസ് സ്റ്റാന്റിനു സമീപം (പോസ്റ്റ് KTP KPL/14).<br><br>7.അമ്പലപ്പാറ പഞ്ചായത്തിൽ പാലച്ചുവട് (പോസ്റ്റ് AP 14). |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പുതുതായി ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ? | (ബി) | എല്ലാ ജില്ലകളിലുമായി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കാൻ കണ്ടെത്തിയ 2392 സ്ഥലങ്ങളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് കെ.എസ്.ഇ.ബി.എൽ ലഭ്യമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട MLA/MP മാരുടെ ആസ്തി വികസന ഫണ്ടോ ഇതര സാമ്പത്തിക സഹായമോ ലഭ്യമാക്കുന്നതിനുള്ള ശ്രമവും നടത്തിവരുന്നുണ്ട്.<br><br>കേന്ദ്രഗവൺമെന്റിന്റെ മാനദണ്ഡ പ്രകാരം ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നത് ലൈസൻസ്സ് |

| | | | |
|---|---|---|---|
| | | | ആവശ്യമില്ലാത്ത പ്രവൃത്തിയാണ്. അതിൻ പ്രകാരം വ്യക്തികൾക്കോ സ്വകാര്യ സംരംഭകർക്കോ കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്ന സാങ്കേതിക സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്.<br><br>ഒറ്റപ്പാലം മണ്ഡലത്തിൽ ഇലക്ട്രിക് കാറുകളുടെ എണ്ണം കൂടുന്നതനുസരിച്ച് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലവും നിർമ്മാണത്തിന് ആവശ്യമായ തുകയും ലഭ്യമാക്കിയാൽ അനെർട്ട് മുഖേന ഗുണനിലവാരമുള്ള ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് നൽകാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ